**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 59** **07-06-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് വ്യാപനം തടയുന്നതിൽ പോലീസ് സേനയുടെ പങ്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. എച്ച്. സലാം,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. എൻ.കെ. അക്ബർ** | | **Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി)** | |
| (എ) | കോവിഡ്-19 വ്യാപനം തടയുന്നതിനായി രൂപീകരിച്ച കോവിഡ് പ്രോട്ടോക്കോൾ നടപ്പിൽ വരുത്തുന്നതിനായി കേരള പോലീസ് സേന നിർവ്വഹിച്ച ത്യാഗപൂർണ്ണമായ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ; | (എ) | ഉണ്ട്. സമൂഹത്തിൽ ക്രമസമാധാനപാലനം നടത്തുവാനുള്ള ഉത്തരവാദിത്തം ഏൽപ്പിച്ചിരിക്കുന്ന ഒരു ഏജൻസി എന്ന നിലയിൽ, കോവിഡ് 19ന്റെ വ്യാപനം നിയന്ത്രിക്കുന്നതിൽ ഒരു പ്രധാന പങ്ക് സംസ്ഥാന പോലീസ് വഹിച്ചിട്ടുണ്ട്. 01.06.2021ലെ കണക്കനുസരിച്ച് 11,136 പോലീസ് ഉദ്യോഗസ്ഥർക്ക് കോവിഡ് പോസിറ്റീവ് ആയിട്ടുണ്ട്. |
| (ബി) | ഇതിന്റെ ഭാഗമായി കേരള പോലീസ് നടപ്പാക്കിയ ത്രിമുഖ സമീപനങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കുമോ; | (ബി) | 2021 ഏപ്രിൽ മധ്യത്തോടെ കോവിഡ്-19 ന്റെ രണ്ടാം തരംഗം കേരളത്തിലെ എല്ലാ ജില്ലകളിലും വ്യാപിച്ചതിനെത്തുടർന്ന് 08.05.2021 മുതൽ സംസ്ഥാനമൊട്ടാകെ ലോക്ഡൗൺ പ്രഖ്യാപിച്ചു. ലോക്ഡൗൺ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി പൊതുജനങ്ങൾ അനാവശ്യമായി പുറത്തിറങ്ങാതിരിക്കുന്നതിന് കർശന പരിശോധനകൾ പോലീസ് നടത്തിയിട്ടുള്ളതും പരമാവധി പൊതുജന സഞ്ചാരം കുറയ്ക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. ജില്ലയ്ക്ക് അകത്ത് സത്യവാങ്മൂലത്തോടുകൂടി അത്യാവശ്യ യാത്രകൾ അനുവദിച്ചിരുന്നു. ജില്ലാന്തരയാത്രകൾക്കായി വെബ്പോർട്ടൽ മുഖേന e-Pass അനുവദിച്ചു വരുന്നു. കൂടാതെ റോഡുകളും ഇടറോഡുകളും അടച്ച് സെക്ടറുകളാക്കി തിരിച്ച് അകത്തേക്കും പുറത്തേക്കും പോകുന്ന വാഹനങ്ങൾ പരിശോധന നടത്തി അനാവശ്യമായി പുറത്തിറങ്ങുന്ന വാഹനങ്ങളെ പിടിച്ചെടുത്ത് കുറ്റക്കാരായ യാത്രക്കാർക്കെതിരെ Kerala Epidemic Diseases (Amendment) Act, 2020, ഇന്ത്യൻ ശിക്ഷാ നിയമം, കേരള പോലീസ് ആക്ട് എന്നിവയിലെ ബന്ധപ്പെട്ട നിയമങ്ങൾ പ്രകാരം നടപടി സ്വീകരിച്ചു വരുന്നു. ഇതിനു പുറമേ മൊബൈൽ പട്രോളിംഗ്, ബൈക്ക് പട്രോളിംഗ്, Foot |

| | | | |
|---|---|---|---|
| | | | പട്രോളിംഗ് എന്നിവ ശക്തമായി നടപ്പിലാക്കി വരുന്നു. 16.05.2021 ൽ തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, മലപ്പുറം എന്നീ ജില്ലകളിൽ ഏർപ്പെടുത്തിയ ട്രിപ്പിൾ ലോക്ഡൗൺ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് സർക്കാർ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 1) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ പോലീസ് സ്റ്റേഷൻ പരിധികളിൽ One entry-One exit നടപ്പിലാക്കി. 2) ട്രിപ്പിൾ ലോക്ഡൗൺ ഏർപ്പെടുത്തിയ ജില്ലകളിലെ അതിർത്തി റോഡുകളും, പ്രാദേശിക റോഡുകളും അടച്ചിടുകയും ജില്ലയ്ക്കകത്തുള്ള പ്രധാന റോഡുകളിൽ കർശന നിയന്ത്രണം ഏർപ്പെടുത്തി. 3) കോവിഡ് മൂലം ക്വാറന്റൈനിൽ കഴിയുന്നവരെ സൈബർ സെല്ലിന്റെയും കോവിഡ് സേഫ്റ്റി ആപ്പിന്റെയും സഹായത്തോടെ നിരീക്ഷണം നടത്തി ക്വാറന്റൈൻ ലംഘനം ഇല്ല എന്ന് ഉറപ്പ് വരുത്തി. 4) സർക്കാർ നിർദേശങ്ങൾ ലംഘിച്ച് കൂട്ടം കൂടുന്നവരെയും മറ്റും ഡ്രോണുകൾ ഉപയോഗിച്ച് കണ്ടെത്തി നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ട്. 5) പട്ടികജാതി, പട്ടികവർഗ കോളനികളിൽ ജനമൈത്രി പോലീസുമായി ചേർന്ന് അവബോധം നടത്തുകയും മാസ്ക്, സാനിറ്റൈസർ, അവശ്യ മരുന്നുകൾ എന്നിവ വിതരണം ചെയ്യുകയും ചെയ്തു. 6) Break the Chain ക്യാമ്പയിൻ അടിസ്ഥാനമാക്കി ആവശ്യമായ അവബോധം നൽകുന്നതിന് സാമൂഹ്യമാധ്യമങ്ങൾ വഴി ലഘുചിത്രങ്ങൾ, വീഡിയോകൾ, പോസ്റ്ററുകൾ എന്നിവ തയ്യാറാക്കി പ്രചരിപ്പിച്ചു. |
| (സി) | ദൈനംദിനം മരുന്നുകഴിച്ചുകൊണ്ടിരുന്ന രോഗികളായവർക്ക് ജീവൻ രക്ഷാമരുന്നുകൾ വീട്ടിൽ എത്തിച്ചുകൊടുക്കുന്നതിനായി ജനമൈത്രി പോലീസ് നടത്തിയ പ്രവർത്തനങ്ങൾ പ്രത്യേകമായി പരിശോധിച്ചിട്ടുണ്ടോ; | (സി) | ഉണ്ട്. കോവിഡ്-19 രൂക്ഷമായതിന്റെ അടിസ്ഥാനത്തിൽ അവശ്യ സാധനങ്ങളും മരുന്നുകളും വീട്ടിലെത്തിച്ചും കൂടാതെ രോഗം ബാധിച്ചവർക്ക് ആവശ്യമായ വൈദ്യസഹായം എത്തിക്കുന്നതിനും, ഭക്ഷണം ലഭ്യമല്ലാത്തവർക്ക് ഭക്ഷണമെത്തിക്കുന്നതിനും ജനമൈത്രി പോലീസിന്റെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. |
| (ഡി) | ജനമൈത്രി സുരക്ഷ പ്രോജക്ടിൽ പ്രശാന്തി എന്ന പേരിൽ നടപ്പിലായ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഡി) | ലോക്ഡൗണിൽ പുറത്തിറങ്ങാൻ കഴിയാതെ വിഷമിക്കുന്ന വയോജനങ്ങൾക്ക് മരുന്ന്, ഭക്ഷണം, വാഹനം തുടങ്ങിയവ എത്തിക്കുന്നതിന് വേണ്ടിയാണ് പ്രശാന്തി പദ്ധതി ആരംഭിച്ചത്. പ്രസ്തുത പദ്ധതിയിലൂടെ സഹായം ലഭിക്കുന്നതിന് 9497900035, 9497900045 എന്നീ നമ്പരുകളിൽ വിളിച്ച് സഹായമഭ്യർത്ഥിച്ചാൽ ആയത് അതാത് ജില്ലകളിലെ ജനമൈത്രി നോഡൽ ഓഫീസർമാരെ അറിയിക്കുകയും, തുടർന്ന് പോലീസ് വീട്ടിലെത്തി സഹായം നൽകുകയും ചെയ്യുന്നു. പ്രശാന്തി വഴി |

| | | | |
|---|---|---|---|
| | | | കൗൺസിലിംഗിനുള്ള സംവിധാനം പേരൂർക്കട എസ്.എ.പി. ക്യാമ്പിൽ പ്രവർത്തിക്കുന്ന കോൾ സെന്ററിൽ പരിശീലനം ലഭിച്ച പോലീസ് ഉദ്യോഗസ്ഥർ നൽകുന്നു. |

സെക്ഷൻ ഓഫീസർ